# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 282 09-06-2014 ന് മറുപടിയ്ക്ക്**

**പത്തനാപുരം റേഞ്ചിലെ പത്തുപറയിലെ മസ്ദൂർ വാച്ചർ തസ്തിക**

**ചോദ്യം**

ശ്രീ. കെ. രാജു

**മറുപടി**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും, ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

(എ) വനദീപ്തി പദ്ധതി (ഗ്രാമീണ സ്വാഭാവിക വനവൽക്കരണ പദ്ധതി) പ്രകാരം പത്തനാപുരം റേഞ്ചിൽ ഉൾപ്പെട്ട പത്തുപറയിൽ മസ്ദൂർ വാച്ചർ തസ്തികയിൽ എത്രപേരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ആയതിന്റെ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എ) വനദീപ്തി പദ്ധതി (ഗ്രാമീണ സ്വാഭാവിക വനവൽക്കരണ പദ്ധതി) നടപ്പിലാക്കി വരുന്ന പത്തനാപുരം റേഞ്ചിലെ പത്തുപറയിൽ അംഗീകരിച്ച മസ്ദൂർ വാച്ചർ തസ്തിക നിലവിലില്ലാത്തതാണ്. എന്നാൽ ടി പരിചരണ പ്രദേശത്തിന്റെ സംരക്ഷണത്തിനും, പരിചരണത്തിനുമായി സംരക്ഷണ മസ്ദൂറിനെ അംഗീകൃത അടങ്കൽ പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. വിവേകാനന്ദൻ, സുരേന്ദ്രൻ എന്നിവരെ ഇടവിട്ടുള്ള കാലയളവിൽ പലപ്പോഴായി നിയോഗിച്ചിരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം വാച്ചർ തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.എൻ.വിവേകാനന്ദനെ ജോലിയിൽ നിന്നും പിരിച്ചുവിടാനുണ്ടായ സാഹചര്യം എന്തായിരുന്നു എന്നും ടിയാൾക്ക് പിരിച്ചുവിടുന്നതിന് മുമ്പ് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നോ എന്നും വ്യക്തമാക്കുമോ;

(ബി) പദ്ധതി പ്രദേശത്തിന്റെ പരിചരണത്തിനും സംരക്ഷണത്തിനുമായി ദിവസ വേതനാടിസ്ഥാനത്തിൽ സംരക്ഷണ മസ്ദൂറായി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.എൻ.വിവേകാനന്ദന്റെ സേവനം അവസാനിപ്പിക്ക ുവാനുണ്ടായ സാഹചര്യം, ടിയാൻ കൃത്യമായി ജോലിക്ക് ഹാജരാകാതിരുന്നതും, പദ്ധതി പ്രദേശത്തിന്റെ ചുമതലയുള്ള വനം വകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ നിരന്തരമായി പാലിക്കാതിരുന്നതുമാണ്. ടി പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിരുന്ന ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം കഴിഞ്ഞ വേനൽ കാലത്ത് യഥാവിധി പ്രവർത്തിപ്പിക്കാത്തതുകാരണം ധാരാളം തൈകൾ കരിഞ്ഞുപോയതിനെ തുടർന്ന്, ടിയാനോട് പോക്ക് തൈകൾ വയ്ക്കാൻ

നിർദ്ദേശിച്ചെങ്കിലും, ടിയാൻ യാതൊരു നടപടിയും സ്വീകരിക്കുകയുണ്ടായില്ല. കൂടാതെ ടിയാൻ വൈരാഗ്യബുദ്ധിയോടുകൂടി പ്രവർത്തിക്കുകയും, 22.02.2013-ാം തീയതി വൈകിട്ട് പ്രസ്തുത പദ്ധതി പ്രദേശത്ത് ചപ്പുചവറുകൾക്ക് തീയിട്ട്, പടർത്തി പദ്ധതി പ്രദേശം തീവച്ച് നശിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളതുമാണ്. ഇതിലേക്ക് ടിയാനെതിരെ വനംവകുപ്പിലും, പോലീസിലും കേസുകൾ നിലനിൽക്കുന്നുമുണ്ട്. ദിവസക്കൂലി അടിസ്ഥാനത്തിലെ മസ്ദൂർ ആയിരുന്നതിനാലും, അംഗീകൃത തസ്തികയിലോ അല്ലാതെയോ നിയമനം ഒന്നുംതന്നെ നടത്തിയിട്ടില്ലാത്തതിനാലും ശ്രീ.വിവേകാനന്ദന്റെ സേവനം അവസാനിപ്പിക്കുന്നതിന് മുമ്പ് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടില്ലാത്തതാണ്. ദിവസക്കൂലി അടിസ്ഥാനത്തിൽ സംരക്ഷണ മസ്ദൂർ ആയി ജോലി നോക്കിയിരുന്ന ശ്രീ.എൻ.വിവേകാനന്ദന്റെ സേവനം ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ തൈകളുടെ പരിചരണവും, പ്രദേശത്തിന്റെ സംരക്ഷണവും ഉറപ്പാക്കുന്നതിലേക്കായി സമീപവാസിയും പ്രസ്തുത സ്ഥലത്ത് ജോലിചെയ്തിരുന്ന തൊഴിലാളിയുമായ മറ്റൊരാളുടെ സേവനം വിനിയോഗിച്ചുവരുന്നു.

(സി) 22.02.2013 വെള്ളിയാഴ്ച പത്തനാപുരം റേഞ്ചിൽ പത്തുപറയിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന വാച്ചർമാരുടെ പേരും ഡ്യൂട്ടി സമയക്രമമടങ്ങുന്ന ഹാജർ പകർപ്പ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പത്തനാപുരം റേഞ്ചിലെ പത്തുപറയിലെ വനദീപ്തി പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അംഗീകൃത അടങ്കൽ പ്രകാരം ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിരുന്ന ദിവസക്കൂലി സംരക്ഷണ മസ്ദൂർമാരുടെ പേരും ഹാജരും രേഖപ്പെടുത്തിയ 2013 ഫെബ്രുവരി മാസത്തെ (22.02.2013 വെള്ളിയാഴ്ച ഉൾപ്പെടുന്ന) മസ്റ്റർ റോളിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

Validity upto 31/3/2013

Social Forestry Division, Kollam

No. 141/12-13

Form 76

Nature of work: Engaging Watchers for the protection of Vanadeepthi project at Pathupara — Kollam, Punalur

1.2.13 — 28.2.13

OFFICE OF THE ASST. CONSERVATOR, SOCIAL FORESTRY DIVISION, KOLLAM

| | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 Sri Vinikanandan | 1/2/13 | 2 | 3 | A | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 15 | 19 | 20 | | | |
| S/o Nanu | X | X | A | X | X | A | X | X | A | A | X | X | X | A | X | X | A | X | X | A | | | |
| ~~Vithura~~ Nandiyan | 21 | 22 | 23 | 24 | 25 | 26 | 27 | 28 | | | | | | | | 2 days | | | | | 290 | 3770 / 290 | 37 |
| Manalil (P.O) | A | A | A | A | A | A | A | A | | | | | | | | VDA | | | | | 79 | 20 1030 / 1030 | N 802 |
| Via Fevers | | | | | | | | | | | | | | | | | | | | | | | |
| 2 Sri Surendran | 1/2 | 3 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | | | |
| S/o Nanu | A | A | X | A | A | X | A | A | X | X | A | A | A | X | A | A | X | A | A | X | | | |
| Kurikkathu Puthen | 21 | 22 | 23 | 24 | 25 | 26 | 27 | 28 | | | | | | | | 14 days | | | | | 290 | 4060 | |
| Veedu | X | X | X | X | X | A | X | X | | | | | | | | VDA | | | | | 79 | 20 1109 | 5169 |
| Vilakkuvathu | A | | | | | | | | | | | | | | | | | | | | | | |

Rs 762 — 3/13

Rs 1414? — 3/13

Signed: R. Anil Kumar, Watcher

FOREST RANGE OFFICER
SOCIAL FORESTRY RANGE
PUNALUR

TR 4 2489914
30/3/2013

Passed for Rs. 9969/- (Rs. Nine thousand nine hundred and sixty nine only) — 9969